# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4902

5-2-2014-ൽ മറുപടിക്ക്

### താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ ബാർ ഹോട്ടൽ ലൈസൻസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.റ്റി.എ. റഹീം: | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ എത്ര ബാർ ഹോട്ടലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ രണ്ട് ബാർ ഹോട്ടലുകൾ നിലവിലുണ്ട്. |
| (ബി) പ്രസ്തുത ബാർ ഹോട്ടലുകൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ലൈസൻസ് നൽകിയ തീയതികൾ വ്യക്തമാക്കാമോ; | (ബി) താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'വയനാട് റീജൻസി' ഹോട്ടലിന് 20-5-2009 തീയതിയിലും 'ഹസ്തിനപുരി' എന്ന ഹോട്ടലിന് 25-3-2010 തീയതിയിലും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത അനുമതി നൽകുന്നതിന് ചേർന്ന ഗ്രാമപഞ്ചായത്ത് യോഗത്തിൽ സംബന്ധിച്ചവരുടെ പേരുകൾ വ്യക്തമാക്കാമോ;<br>(ഡി) പ്രസ്തുത തീരുമാനത്തോട് മെമ്പർമാരിൽ ആരെങ്കിലും വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നുവോ; എങ്കിൽ വിയോജിപ്പ് പ്രകടിപ്പിച്ചവരുടെ പേരുകൾ വ്യക്തമാക്കാമോ ? | (സി) & (ഡി)<br>പ്രസ്തുത ബാർ ഹോട്ടലുകൾക്ക് അനുമതി നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് യോഗം ചേർന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ